# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2431 — 20/06/2012-ൽ മറുപടിക്ക്

### പട്ടികവർഗ്ഗക്കാരുടെ പരമ്പരാഗത തൊഴിൽ മേഖലയുടെ സംരക്ഷണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി. ശശി | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | പട്ടികവർഗ്ഗക്കാരുടെ പരമ്പരാഗത തൊഴിൽ മേഖലയുടെ സംരക്ഷണത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; കഴിഞ്ഞ സാമ്പത്തികവർഷം ഇതിനായി ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ; | എ | സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരുടെ പരമ്പരാഗത കൈതൊഴിലും കരവിരുതും സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനുമായി ഇവർ ഉണ്ടാക്കുന്ന ഉൽപന്നങ്ങൾ, അവർ തന്നെ നേരിട്ട് വിപണനം ചെയ്യുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് രണ്ട് മേളകൾ എല്ലാ വർഷവും സംഘടിപ്പിച്ചു വരുന്നു. ഈ സർക്കാർ അധികാരമേറ്റശേഷം 2011 ഡിസംബറിൽ കണ്ണൂരിലെ പയ്യന്നൂരിൽ വച്ചും, 2012 ജനുവരിയിൽ തൃശ്ശൂരിലെ മാളയിൽ വച്ചും 'പൈതൃകോത്സവം' എന്ന പേരിൽ രണ്ട് പ്രദർശന-വിപണന മേളകൾ സംഘടിപ്പിച്ചിരുന്നു. ഇതിനു പുറമെ വയനാട് ജില്ലയിലെ മാനന്തവാടിയിൽ വച്ച് 'ഗോത്രായനം 2012' എന്ന പേരിൽ 2012 ഏപ്രിൽ, മെയ് മാസങ്ങളിലായി ദേശീയ പട്ടികവർഗ്ഗ ഫെസ്റ്റിൽ പ്രദർശന-വിപണന മേളയും സംഘടിപ്പിച്ചിരുന്നു. കൂടാതെ എല്ലാ വർഷവും നവംബറിൽ ഡൽഹിയിൽ വച്ച് നടത്തുന്ന അന്താരാഷ്ട്ര വ്യാപാര മേളയിൽ (IITF) പട്ടികവർഗ്ഗ വികസന വകുപ്പ് പങ്കെടുത്ത് വരുന്നു. ഈ മേളയിൽ പങ്കെടുക്കുന്നതിനായി വരുന്ന പട്ടികവർഗ്ഗക്കാർക്ക് ഇവരുടെ വിപണന സാധനങ്ങൾ കൊണ്ടു വരുന്നതിനും, താമസ-ഭക്ഷണ സൗകര്യങ്ങൾ ഉൾപ്പെടെയുള്ള ചെലവുകളും പട്ടികവർഗ്ഗ വകുപ്പാണ് വഹിക്കുന്നത്.<br><br>രണ്ട് പ്രദർശന വിപണന മേളകൾക്കായി കഴിഞ്ഞ സാമ്പത്തികവർഷം |

| | | | |
|---|---|---|---|
| | | | 17,22,169/- രൂപ (പതിനേഴ് ലക്ഷത്തി ഇരുപത്തിരണ്ടായിരത്തി നൂറ്റി അറുപത്തയൊമ്പത് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. പട്ടികവർഗ്ഗക്കാരുടെ തനത് ഉൽപന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനും ഒരു സ്ഥിര വിപണന കേന്ദ്രം (ട്രൈബൽകോംപ്ലക്സ്) എറണാകുളത്ത് ആരംഭിക്കുന്നതിനായി 8,31,12,426/- (എട്ട് കോടി മുപ്പത്തിയൊന്ന ലക്ഷത്തി പന്ത്രണ്ടായിരത്തി നാനൂറ്റി ഇരുപത്തിയാറ് രൂപ മാത്രം) രൂപയുടെ നിർമ്മാണ ചെലവിനുള്ള അനുമതി നൽകിയിട്ടുണ്ട്. |
| ബി | പട്ടികവർഗ്ഗക്കാരുടെ ഉൽപ്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി കഴിഞ്ഞവർഷം സർക്കാർ ഖജനാവിൽ നിന്നും എന്തുതുക ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ? | ബി | രണ്ട് പ്രദർശന വിപണന മേളകൾ നടത്തിയ വകയിൽ 17,22,169/- രൂപ (പതിനേഴ് ലക്ഷത്തി ഇരുപത്തിരണ്ടായിരത്തി നൂറ്റി അറുപത്തിയൊമ്പത് രൂപ മാത്രം) ചെലവഴിച്ചു. |

സെക്ഷൻ ഓഫീസർ